(ഇ) എങ്കിൽ കൊള്ളയടിച്ചവരും വീടുകളും വ്യാപാര സ്ഥാപനങ്ങളും തകർത്തവരും തീ വച്ചവരും ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതുസംബന്ധിച്ച് കേസെടുത്തുവോ, പ്രതികളെ അറസ്റ്റു ചെയ്തുവോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പള്ളീക്കൽ സാബു അബ്ദുൾ നാസ്സർ, പൂക്കുഞ്ഞ് ഉമീർ

(സി) എണ്ണ മുഹമ്മദ്, നബീസ മത്തായി മുഹമ്മദ്, - എൻ. യു. ഇബ്രാഹീം, ബി. പാത്തുമ്മ അസ്യുമ്മ, ഇ. കെ. ആയിഷ ബത്താലി ആന്യ-പാത്തു മൊയ്തിൻകുട്ടി, ശിഹാബ് - നസീസ മുഹമ്മദ് അലി, അലി എന്നിവരുടെ സ്വത്തുക്കൾ നശിപ്പിക്കപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ട്.

(ഡി-എഫ്) ഇതുസംബന്ധിച്ച് 196 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

കരിയം യു. പി. സ്കൂൾ കോമ്പൗണ്ടിൽ ബോംബ് പൊട്ടിയ സംഭവം.

73 (1007) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ശ്രീകാര്യത്തിനു സമീപം കരിയം യു. പി. സ്കൂൾ കാമ്പൗണ്ടിൽ 6-1-2001-ൽ നിർമ്മാണത്തിനിടെ ബോംബുപൊട്ടി രണ്ടു പേർക്ക് പരിക്കേറ്റ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ സംഭവത്തിൽ പരുക്കേറ്റവർ ആരെല്ലാമാണ് ;

(സി) ബോംബ് പൊട്ടിയപ്പോൾ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടവർ ആരെല്ലാമാണ് ;

(ഡി) ചിത്രരചനാ മത്സരത്തിൽ പങ്കെടുത്ത കുട്ടികളെ സ്കൂളിനകത്തേക്ക് പ്രവേശിപ്പിക്കുന്നതിനും മറ്റുമായി അന്ന് സ്കൂളിൽ വന്നിരുന്ന ഹെഡ്മിസ്ട്രസ് സ്കൂൾ കോമ്പൗണ്ടിൽ നടന്ന ബോംബു നിർമ്മാണത്തെപ്പറ്റി അറിഞ്ഞിരുന്നുവോ ;

(ഇ) തെരഞ്ഞെടുപ്പ് അടുത്ത ഈ സമയത്ത് ബോംബ് നിർമ്മാണം നടന്നുന്നതിനെപ്പറ്റി അന്വേഷിക്കുമോ ;

(എഫ്) സ്കൂളിലെ എന്തെങ്കിലും ഉപകരണം ഈ സംഭവത്തിനുശേഷം കാണാതാവുകയോ കത്തിക്കരിയുകയോ ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പാങ്ങപ്പാറ വില്ലേജിൽ കരിയം ദേശത്ത് കരിയംദേവീ ക്ഷേത്രത്തിനു സമീപം താഴെ കരിയത്ത് വീട്ടിൽ രാജു മകൻ 17 വയസ്സുള്ള ഷിജു, കുടപ്പനക്കുന്ന് വില്ലേജിൽ പാതിരപ്പള്ളി മുക്കോല എസ്. എൻ. റസിഡൻഷ്യൽ അസോസിയേഷൻ 4/14 പുളിമൂട് വീട്ടിൽ സുധാകരൻ മകൻ 18 വയസ്സുള്ള വിനോദ്.

(സി) കുടപ്പനക്കുന്ന് വില്ലേജിൽ വഴയില വാർഡിൽ കെ. പി./194-ൽ രവിയുടെ വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന ഗോപാലപിള്ള മകൻ രമേശ് 21 വയസ്സ്, ടി വില്ലേജിൽ തെക്കേവീട് വാർഡിൽ അമ്പഴംകോട് കെ. പി. 5/680 പുതുച്ചിയിൽ പുത്തൻവീട്ടിൽ രാജ്കുമാർ മകൻ 19 വയസ്സുള്ള രാജേഷ്.

(ഡി) ഇല്ല.

(ഇ) കഴക്കൂട്ടം പോലീസ് സ്റ്റേഷൻ ക്രൈം 8/2001 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(എഫ്) ഇല്ല.

കണ്ണൂരിലെ ബോംബ് സ്ഫോടനങ്ങൾ

74 (1008) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ബോംബ് നിർമ്മിക്കുന്ന അവസരത്തിലോ സ്ഫോടക വസ്തുക്കൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിന്റെ പേരിലോ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ഈ കേസ്സുകൾ രജിസ്റ്റർ ചെയ്തത് ;

(സി) ഈ സംഭവങ്ങളിൽ എത്ര പേർ മരണപ്പെട്ടുവെന്നും മരിച്ചവർ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽപ്പെടുന്നവരാണെന്നും അറിയിക്കുമോ ;

(ഡി) കുടിയാൻമല പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഇപ്രകാരം സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിച്ച് ആരെങ്കിലും മരണപ്പെട്ടോ ; മരണപ്പെട്ടെങ്കിൽ ആരെല്ലാം ;

(ഇ) ഇപ്രകാരം കുടിയാൻമലയിൽ സ്ഫോടനം ഉണ്ടായത് ആരുടെ വീട്ടിൽ വച്ചാണ് ;

LIBRARY ARCHIVES Kerala Legislative Assembly